# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1761

04.10.2016-ൽ മറുപടിക്ക്

## ക്ഷേമ പെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തിച്ചതിന്റെ വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ് :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) വാർദ്ധക്യ, വിധവ, വികലാംഗ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തുക മുഴുവൻ ഒറ്റയടിയ്ക്ക് സഹകരണ ബാങ്കു വഴി വീട്ടിലെത്തിച്ച പദ്ധതി തുടർന്നും നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) സർക്കാർ നൽകി വരുന്ന സാമൂഹ്യ ക്ഷേമ സുരക്ഷാ പെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി ഗുണഭോക്താക്കളുടെ വീടുകളിലെത്തിക്കുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.ജില്ലാടിസ്ഥാനത്തിൽ നൽകാനുള്ള തുക ഡി.ബി.റ്റി സെല്ലിൽ നിന്നും അതാത് ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ടി തുക അതാത് ജില്ലകളിലെ വാർഡ് അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS), മറ്റ് വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ എന്നിവ വഴിയാണ് പെൻഷനുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചിട്ടുള്ളത്. കൂടുതൽ കാര്യക്ഷമമായി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ